പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 4853 — 21/10/2011 ൽ മറുപടിയ്ക്ക്

## ഭിക്ഷാടനം നടത്തിക്കുന്ന മാഫിയ സംഘങ്ങൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. പി. ഉബൈദുള്ള :

ഡോ. എം.കെ. മുനീർ :
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) കൊച്ചുകുട്ടികളേയും നാടോടി സ്ത്രീകളേയും വികലാംഗരേയും യാചകവേഷം കെട്ടിച്ച് തീവണ്ടികളിലും ബസ്സുകളിലും പൊതു നിരത്തുകളിലും ഭിക്ഷാടനം നടത്തുന്ന മാഫിയ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇവർക്ക് അന്യ സംസ്ഥാന ബന്ധങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഉണ്ട് . അന്യസംസ്ഥാനത്ത് നിന്നും കുട്ടികളെ തട്ടിക്കൊണ്ട് വന്ന് പീഡിപ്പിച്ച് ഭിക്ഷയെടുപ്പിക്കുന്നവരെ അറസ്റ്റു ചെയ്യുന്നതിന് വേണ്ടി സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ബാലനീതി 23,24 വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻപാകെ ഹാജരാക്കുന്ന കുട്ടികളെ സ്വന്തം സംസ്ഥാനത്തേയ്ക്ക് തിരിച്ചയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഭിക്ഷാടനം കർശനമായി നിരോധിച്ചിട്ടും മാഫിയ സംഘങ്ങളുടെ പിൻബലത്തോടെയുള്ള ഇത്തരം യാചകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട് |

| | |
|---|---|
| (ഡി) യാചകരെ ഉപയോഗിച്ച് ഭിക്ഷാടനവും മറ്റു സാമൂഹ്യവിരുദ്ധ പ്രവർത്തനവും നടത്തുന്ന മാഫിയ സംഘങ്ങളെ നിയന്ത്രിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ; | (ഡി) സ്വീകരിച്ചുവരുന്നുണ്ട് |
| (ഇ) ഭിക്ഷാടനം നടത്തുന്നവർ സ് ത്രീകളു ടേയും കുട്ടികളുടേയും സുരക്ഷിതമായ യാത്രയ്ക്ക് ഭീഷണിയുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; | (ഇ) ഉണ്ട്<br>കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സാമൂഹ്യക്ഷേമവകുപ്പ് ചെയ്യുന്നതാണ്. ബാലനീതി നിയമം 2000 വകുപ്പ് 23,24 പ്രകാരം പ്രതിയെ ശിക്ഷണ നടപടികൾക്ക് വിധേയനാക്കുന്ന നടപടികൾ സ്വീകരിക്കുന്നതുമാണ്. കുട്ടികൾക്കെതിരെ നടത്തുന്ന ഇത്തരം ദുരുപയോഗങ്ങൾക്കെതിരെ നടപടികൾ എടുക്കുവാൻ എല്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയേയും ചിൽഡ്രൻസ് കോടതിയായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (എഫ്) ഇത്തരക്കാരെ നിയന്ത്രിക്കുന്ന തിനും ആശ്രയ കേന്ദ്രങ്ങളിലും മറ്റു പുനരധിവാസ കേന്ദ്രങ്ങളിലും എത്തിക്കു ന്നതിനും നടപടികൾ സ്വീകരിക്കുമോ; | (എഫ്) നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് |

R. Vijayan

സെക്ഷൻ ഓഫീസർ